(ബി) നിശ്ചിത യോഗ്യതയുള്ള പി. ഡി. ടീച്ചർമാരിൽ നിന്നും പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ പ്രൊമോഷൻ യഥാസമയം നൽകുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഇപ്രകാരം എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രൊമോഷൻ വഴിയല്ലതെ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഈ ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഡി) നിലവിലുള്ള പി. എസ്. സി. ലിസ്റ്റിന്റെ കാലാവധി അവസാനിപ്പിക്കാൻ പോകുന്ന സാഹചര്യത്തിൽ 1999-2000 അദ്ധ്യയന വർഷം അവസാനിക്കുമ്പോൾ പ്രതീക്ഷിക്കപ്പെടുന്ന റിട്ടയർമെന്റ് വേക്കൻസികളും 2000 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ പെൻഷൻ വേക്കൻസിയും ഈ ലിസ്റ്റിൽ നിന്നു നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഇ) നിലവിലുള്ള പി. ഡി. ടീച്ചർമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നിയമന നിരോധനത്തിന്റെ പേരിൽ എത്ര കാലത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു എന്ന വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പി. എസ്. സി. യിൽ നിന്നുള്ള അഡ്വൈസ് പ്രകാരം 1065 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ജാതി തിരിച്ചുള്ള പട്ടിക പി. എസ്. സി. യിൽ നിന്നും പ്രത്യേകം ശേഖരിച്ചു വരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ പ്രൊമോഷൻ നൽകാൻ പാകമായ തസ്തികകൾ ഒന്നും തന്നെ നിലവിലില്ല. തസ്തികകൾ പാകമാകുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നതാണ്.

(സി) സ്ഥിരം ഒഴിവുകൾ ഒന്നുംതന്നെ ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ നിലവിലില്ല. സ്ഥിരം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(ഡി) എല്ലാ സ്ഥിരം ഒഴിവുകളും കാലേക്കൂട്ടി കണക്കാക്കി പി. എസ്. സി. യെ അറിയിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അയിരൂപ്പാറ ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് തുടങ്ങാൻ നടപടി

76 (2951) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ അയിരൂപ്പാറ ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് നൽകിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അടുത്ത അദ്ധ്യയന വർഷം മുതൽ ഈ സ്കൂളിൽ പ്ലസ്ടു കോഴ്സ് തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് ഈ സ്കൂളിൽ നിന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. കോഴ്സ് അനുവദിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(ബി) അപേക്ഷകൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

ചാലാട് ഗവൺമെന്റ് യു. പി. സ്കൂളിന്റെ പ്രതിമാസ വാടക

77 (2952) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചാലാട് ഗവൺമെന്റ് യു. പി. സ്കൂളിന്റെ പ്രതിമാസ വാടക എത്രയായിരുന്നു ;

(ബി) വാടക വർദ്ധിപ്പിച്ചിട്ടുണ്ടോ എങ്കിൽ എന്നുമുതൽ ; ഇപ്പോൾ വാടക എത്ര രൂപയാണ് ;

(സി) എത്ര രൂപ വാടക ഇനത്തിൽ കുടിശ്ശിക വന്നിട്ടുണ്ട് ;

(ഡി) ഏത് മാസം മുതൽ ഉള്ള വാടക കൊടുക്കുവാനുണ്ട് ;

(ഇ) വാടക കുടിശ്ശിക ലഭിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര അപേക്ഷ ലഭിച്ചു ;

(എഫ്) ഈ അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദ വിവരങ്ങൾ നൽകാമോ ;

(ജി) വാടക കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തു തീർക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ഈ വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ഗവൺമെന്റ് യു. പി. സ്കൂളിന്റെ പ്രതിമാസ വാടക 3990 രൂപയായിരുന്നു.

(ബി) ഉണ്ട്. 3-10-1997 മുതൽ പ്രതിമാസ വാടക 6989 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 3-10-1997 മുതലുള്ള കുടിശ്ശികയായ 2,02,681 രൂപ കൊടുക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly